(മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, മത്സ്യബന്ധനവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ എഴുന്നേറ്റുനിന്ന് ബാനർ ഉയർത്തിക്കാട്ടി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഓർഡർ ...... ഓർഡർ...... ചോദ്യം നമ്പർ *181. ...... (ബഹളം)..... പ്ലീസ്...... പ്ലീസ്......

ശ്രീ. എ. കെ. ബാലൻ: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് 142 അടിയായി ഉയർന്നിരിക്കുകയാണ്.

മി. സ്പീക്കർ: അതല്ലേ അടിയന്തര പ്രമേയത്തിന് നോട്ടീസ് തന്നിരിക്കുന്നത്. സീറോ അവറിൽ അതെടുക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, തമിഴ്നാട് ഒരു മുന്നറിയിപ്പുമില്ലാതെ ഷട്ടറുകൾ തുറക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ, സീറോ അവറിൽ അതെടുക്കാം.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

<u>ശ്രീ. എ. കെ. ബാലൻ</u>: ചോദ്യോത്തര വേള വേണ്ട.

<u>മി. സ്പീക്കർ</u>: അതല്ലല്ലോ ഇവിടെ പറയുന്നത്. യെസ്..... പ്ലീസ്.... പ്ലീസ്...... ഞാൻ ബഹുമാനപ്പെട്ട മിനിസ്റ്ററെ വിളിച്ചുകഴിഞ്ഞു. പ്ലീസ്.... പ്ലീസ്......

<u>ശ്രീ. എ. കെ. ബാലൻ</u>: തമിഴ്നാടിനോട് പറഞ്ഞിട്ടുണ്ടെന്ന് ഈ സഭയിൽ ഉറപ്പ് തന്നതാണ്. പ്ലീസ്.... പ്ലീസ്......

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞങ്ങൾ കുറെ ദിവസമായി മുദ്രാവാക്യം വിളിക്കുന്നു. എന്താണ് വിഷയമെന്ന് അങ്ങ് ചോദിച്ചോ?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സി. ദിവാകരൻ, നമ്മൾ എന്ത് കാര്യമുണ്ടെങ്കിലും സീറോ അവറിൽ എടുക്കുകയല്ലേ; പരിണിത പ്രജ്ഞനായ അങ്ങേയ്ക്ക് അറിയാമല്ലോ ക്വസ്റ്റ്യൻ അവറിൽ ക്വസ്റ്റ്യൻ മാത്രമേ എടുക്കൂ എന്ന്. അങ്ങ് സഭാ നടപടികൾ നല്ല പരിചയമുള്ള ഒരു പാർട്ടി നേതാവല്ലേ.... ......(ബഹളം)...... യെസ്...... പ്ലീസ്.....പ്ലീസ്..... ...(ബഹളം)..... ശ്രീ. വി. ശിവൻകുട്ടി, പ്ലീസ്.... പ്ലീസ്......

## <u>സംസ്ഥാനത്തെ കേന്ദ്രനിക്ഷേപം</u>

(*181) <u>ശ്രീ. പി. ടി. എ. റഹീം</u> :

ശ്രീ. ഇ. പി. ജയരാജൻ :
ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ നാലരവർഷ കാലയളവിൽ കേന്ദ്രനിക്ഷേപം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ജാഗ്രതയില്ലായ്മ കേന്ദ്രനിക്ഷേപം ലഭിക്കുന്നതിനും നിലവിലെ വ്യവസായങ്ങളെ പ്രതിസന്ധിയില്ലാതെ സംരക്ഷിക്കുന്നതിനും സാധിക്കാത്ത സ്ഥിതിയിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ;

(സി) പൊതുമേഖലയോട് സർക്കാർ ആഭിമുഖ്യം കാണിക്കുന്നുണ്ടോ; സ്വകാര്യ കോർപ്പറേറ്റ് മേഖലയോടുള്ള സമീപനം കാരണം രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ്‌വ്യവസ്ഥ മോശമാകുന്നുണ്ടോ; വിലയിരുത്തുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) കേന്ദ്രനിക്ഷേപം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള വിപണി വിപുലീകരണം, ഉല്പാദന വർദ്ധന എന്നിവയ്ക്ക് കൂടുതൽ പരിഗണന നൽകി വ്യവസായവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

ശ്രീ. പി. ടി. എ. റഹീം : സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി കേന്ദ്ര പ്രതിരോധ മന്ത്രിയായിരുന്ന സമയത്ത്, കേരളത്തിൽ ഇടതുപക്ഷ മന്ത്രിസഭയുണ്ടായിരുന്ന കാലഘട്ടത്തിൽ പ്രതിരോധ മേഖലയിലുള്ള ധാരാളം വ്യവസായങ്ങൾ കേരളത്തിൽ വന്നിരുന്നു. എന്നാൽ അങ്ങ് അധികാരത്തിൽ വന്നതിനുശേഷം ആരെ വിശ്വസിച്ചാണ് പ്രതിരോധ വ്യവസായങ്ങൾ കേരളത്തിൽ കൊണ്ടുവരേണ്ടതെന്നും ഈ കാര്യത്തിൽ ഇതുവരെ ഒരു ഗൃഹപാഠവും ചെയ്തിട്ടില്ലെന്നും ശ്രീ. എ. കെ. ആന്റണി കേരളത്തിൽ വന്ന്

പറയുകയുണ്ടായി. കേന്ദ്രത്തിൽ അധികാരത്തിൽ വന്ന പുതിയ ഗവൺമെന്റ് ഈ നിലപാടിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് പറയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, നമുക്ക് ആറ് സ്ഥാപനങ്ങളാണ് ഇത്തരത്തിൽ ലഭിച്ചത്. അവയുടെ പ്രവർത്തനങ്ങൾ ഓരോ ഘട്ടത്തിലാണ്. നമ്മൾ സ്ഥലവും മറ്റ് സൗകര്യങ്ങളുമൊക്കെ നൽകിയിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് ഫണ്ട് ലഭ്യമാക്കാത്തത് വലിയ പ്രശ്നമാണ്. ഉദാഹരണമായി കാസർഗോഡുള്ള എച്ച്.എ.എൽ. (Hindustan Aeronautics Limited)-ന് 200 ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ട്. പക്ഷെ 16 ആളുകൾക്കുമാത്രം തൊഴിൽ ലഭിക്കുന്ന ഒരു പദ്ധതിയാണ് കേന്ദ്രം പാസ്സാക്കിയിട്ടുള്ളത്. അതുപോലെ BHEL, BEML, TELK -ന്റെയും SAIL (Steel Authority of India Limited) -ന്റെയും പ്രോജക്ടുകൾ തുടങ്ങിയവയിലൊക്കെ കേന്ദ്ര നിക്ഷേപം വളരെ കുറച്ചുമാത്രമെ വന്നിട്ടുള്ളൂ. കാസർഗോഡുള്ള KEL കേന്ദസർക്കാർ ഏറ്റെടുത്ത് BHEL ആയപ്പോഴുള്ള സ്ഥിതി എല്ലാവർക്കുമറിയാവുന്നതാണ്. ഇതൊക്കെ കേന്ദ്രം ഏറ്റെടുത്തുവെന്നല്ലാതെ ഇതിനുവേണ്ടി പണം ചെലവഴിക്കുന്ന കാര്യത്തിൽ വളരെ മോശമാണ്. കേരളത്തിന് ആറ് സ്ഥാപനങ്ങൾ കിട്ടിയെന്ന് പറയാമെന്നല്ലാതെ സംസ്ഥാന ഗവൺമെന്റിന് ഇതുകൊണ്ട് വലിയ

നേട്ടം ഉണ്ടായിട്ടില്ല. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം പ്രൈവറ്റൈസേഷൻ എന്ന പോളിസി സ്വീകരിച്ചിരിക്കുന്നതുകൊണ്ട് പൊതുമേഖലയിൽ നിക്ഷേപം തീരെ വരുന്നില്ല. എഫ്.എ.സി.റ്റി. യുടെ പാക്കേജ് ഇപ്പോഴും പാസ്സായി കിട്ടിയിട്ടില്ല. ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക് തുടങ്ങിയ പുതിയ ധാരാളം പ്രോജക്ടുകൾ ഇപ്പോൾ പാസ്സായി കിട്ടിയിട്ടുണ്ട്. ഒരോ കാലത്തുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് അവരുടെ പോളിസിയനുസരിച്ച് മാറും. ഇപ്പോൾ പാലക്കാടുള്ള മെഗാ ഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, കാക്കനാട് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, ഇന്റർ നാഷണൽ എക്സിബിഷൻ കൺവെൻഷൻ സെന്റർ, ഫൂട്ട് വെയർ ക്ലസ്റ്റർ, കാലിക്കട്ട്; ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം; സ്പൈസസ് പാർക്ക്, തൊടുപുഴ ഇവയൊക്കെ വിവിധ സ്റ്റേജിലാണ്. മൂന്നെണ്ണത്തിന് അപ്രൂവൽ ലഭിച്ചു. ബാക്കി മൂന്നെണ്ണത്തിന് അപ്രൂവൽ ഉടനെ ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നതാണ്. പഴയകാര്യങ്ങൾതന്നെ പറഞ്ഞുകൊണ്ടിരിക്കേണ്ട കാര്യമില്ല, പുതിയ ധാരാളം പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം : സർ, TELK, KELTECH, KEL, സ്റ്റീൽ

കോംപ്ലക്സ് തുടങ്ങിയ കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ട് യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. അതുപോലെ ബ്രഹ്മോസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബ്രഹ്മോസിന്റെ സ്ഥിതി അത്ര നല്ലതല്ല. അത് പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ യൂണിറ്റാണ്. അതിൽ വലിയ കേന്ദ്രനിക്ഷേപമൊന്നും വന്നിട്ടില്ല. ധാരാളം പ്രശ്നങ്ങളുണ്ട്, നഷ്ടത്തിലാണ്. TELK-ന്റെ പകുതി ഷെയർ കേന്ദ്രത്തിന് വിട്ടുകൊടുത്തതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും വളരെയധികം തുക മുടക്കിയിട്ടുണ്ട്. പക്ഷേ പുതിയ ടെക്നോളജി കൊണ്ടുവരാൻ ഇപ്പോഴും NTPC-ക്ക് കഴിയാത്തതുകൊണ്ട് പ്രശ്നങ്ങളുണ്ട്.

അതുപോലെ സ്റ്റീൽ കോംപ്ലക്സ്-ന്റെ കാര്യമെടുത്താൽ - സ്റ്റീൽ ഇൻഡസ്ട്രിയിൽ വലിയ മാന്ദ്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. SAIL മുഴുവൻ സാധനങ്ങളും വാങ്ങാമെന്നാണ് പറഞ്ഞിരുന്നത്. പക്ഷേ SAIL-ന്റെ സ്ഥിതി മോശമാവുകയും സ്റ്റീൽ ഇൻഡസ്ട്രിയിൽ വലിയ മാന്ദ്യം വരികയും

ചെയ്തതോടുകൂടി അതും വലിയ ആശാസ്യമായ രീതിയിലല്ല. ഗവൺമെന്റിന് ആകാവുന്നതൊക്കെ ചെയ്തു. സ്റ്റീൽ ഇൻഡസ്ട്രി ആഗോളതലത്തിൽതത്തന്നെ വലിയ തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെയൊരു ഇംപാക്ട് ഇവിടെയുമുണ്ട്. ഈ മൂന്ന് സ്ഥാപനങ്ങളുടെയും സ്ഥിതി ഇതാണ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, 2012 സെപ്റ്റംബറിൽ കൊച്ചിയിൽ വച്ച് എമർജിംഗ് കേരള - വ്യാവസായിക നിക്ഷേപ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. അന്ന് ആ പരിപാടി ഉദ്ഘാടനം ചെയ്തത് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ആണ്. ആ പരിപാടിയിൽ നിരവധി മെഗാ പ്രോജക്ടുകൾ ഗവൺമെന്റ് പ്രഖ്യാപിച്ചു. കൊച്ചിയിൽ പതിനായിരം ഏക്കറിൽ ഒൻപതിനായിരം കോടി രൂപയുടെ പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ്, പാലക്കാട് 53,825/- കോടി രൂപയുടെ നാഷണൽ ഇൻവെസ്റ്റ്മെന്റ് പ്രോജക്ട്, തിരുവനന്തപുരം - കൊച്ചി- മാംഗ്ലൂർ ഹൈ സ്പീഡ് റെയിൽ കൊറിഡോർ ഒന്നാം ഘട്ടം 41,245/- രൂപയും രണ്ടാം ഘട്ടം ഒരു ലക്ഷത്തി പതിനെണ്ണായിരം കോടി രൂപയുമാണ്. 334 ഏക്കറിൽ 750 കോടി രൂപ ചെലവിൽ കൊച്ചിയിൽ ഇലക്ട്രോണിക്സ് ഹബ്ബ്, കൊല്ലം ചവറയിൽ ടൈറ്റാനിയം സ്പോഞ്ച് പ്രോജക്ട് - മൂവായിരം കോടി രൂപ,

തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക് -750 കോടി രൂപ, കാസർഗോഡ് ചീമേനിയിൽ 1200 മെഗാവാട്ടിന്റെ ഗ്യാസ് ബേസ്ഡ് പവർ പ്രോജക്ട്. ഇതിൽ ഏതെങ്കിലും പദ്ധതികൾക്ക് നമ്മൾ ഉദ്ദേശിച്ച നിലയിൽ നിക്ഷേപം സമാഹരിക്കാനോ കേന്ദ്രനിക്ഷേപങ്ങൾ ഈ പദ്ധതികൾക്കുവേണ്ടി ഉപയോഗപ്പെടുത്താനോ ശ്രമം നടത്തിയിട്ടുണ്ടോ; പൊതുമേഖലയെ സംബന്ധിച്ചിടത്തോളം കേന്ദ്രനിക്ഷേപത്തിൽ കേരളം വളരെ പിന്നിലാണ്. കേന്ദ്രനിക്ഷേപത്തിൽ ഒന്നാം സ്ഥാനത്ത് മഹാരാഷ്ട്രയാണ്. ഏകദേശം പതിനെട്ട് ശതമാനം കേന്ദ്ര നിക്ഷേപം മഹാരാഷ്ട്രക്കാണ്. പിന്നീട് തമിഴ്നാടിനും ആന്ധ്രയ്ക്കുമാണ്. ആന്ധ്രക്ക് 7.37 ശതമാനവും തമിഴ്നാടിന് 7.17 ശതമാനവും കേന്ദ്ര നിക്ഷേപം ലഭിക്കുന്നു. കേരളത്തിന് കേന്ദ്രനിക്ഷേപം വെറും രണ്ട് ശതമാനമാണ്. നമ്മുടെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കാനും നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള മെഗാ പ്രോജക്ടുകൾ നടപ്പിലാക്കാനും ഗവൺമെന്റിന് പദ്ധതിയുണ്ടോ: അതിന് എന്തെങ്കിലും പ്രത്യേക ശ്രമങ്ങൾ നടക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഈ പറഞ്ഞതിൽ ഏറ്റവും വലിയ പ്രോജക്ടായി ശ്രീ. മൻമോഹൻ സിംഗ് അനൗൺസ് ചെയ്തത് ഇരുപതിനായിരം കോടി രൂപയുടെ ബി.പി.സി.എൽ.-ന്റെ എക്സ്പാൻഷൻ പ്രോജക്ടാണ്.

ഇന്ത്യയിലെതന്നെ ഏറ്റവും വലിയൊരു പൊതുമേഖലാ നിക്ഷേപമാണത്. യാതൊരു പ്രശ്നങ്ങളുമില്ലാതെ അത് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ബി.പി.സി.എൽ.-ന്റെ കൈവശമുള്ള സ്ഥലത്തുള്ളതെല്ലാം വളരെ നന്നായി നടക്കുന്നുണ്ട്. മാത്രമല്ല ലാന്റ് അക്വിസിഷൻ നടത്തി ബാക്കി കാര്യങ്ങളുംകൂടി നടത്താൻ ശ്രമിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി. അനുബന്ധ വ്യവസായങ്ങൾ കേരളത്തിൽ വളരെ നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ അതിന്റെ പ്രോഗ്രസ് പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മുഖ്യമന്ത്രി കൂടെക്കൂടെ അത് സംബന്ധിച്ച് റിവ്യൂ നടത്താറുണ്ട്. വലിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പ്രധാനമായും രണ്ട് പ്രശ്നങ്ങളാണുള്ളത്. ജനങ്ങളുടെ നിസ്സഹകരണവും ലാന്റ് അക്വിസിഷനിലുള്ള പ്രശ്നവുമാണ് ഒന്നാമത്തേത്. GAIL-ന്റെ പ്രോജക്ടും ഹൈ സ്പീഡ് റെയിൽ കോറിഡോറും നന്നായി വന്ന പ്രോജക്ടുകളാണ്. എന്നാൽ അവയോടുള്ള ജനങ്ങളുടെ പ്രതികരണം എല്ലാവർക്കും അറിയാവുന്നതാണ്. ലാന്റ് അക്വിസിഷനിലുള്ള പ്രശ്നങ്ങളോ ജനങ്ങളുടെ പ്രതിഷേധമോ കാരണം അത്തരത്തിലുള്ള മെഗാ പ്രോജക്ടുകൾ പലതും സ്റ്റക്കായി കിടക്കുകയാണ്. ചീമേനിയിലുള്ള പ്രോജക്ടിന്റെ കാര്യത്തിൽ പൊളിറ്റിക്കൽ കൺസെൻസസ്

ആണ് പ്രശ്നം. നമ്മളൊരു കൺസെൻസസ് ഉണ്ടാക്കുകയാണെങ്കിൽ ഒന്നല്ലെങ്കിൽ മറ്റൊരു വലിയ പ്രോജക്ടിന് അവിടെ ഇപ്പോഴും സാദ്ധ്യതയുണ്ട്. അവിടെ സ്ഥലവുമുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളൊന്നും ഇഷ്യൂവായി കൊണ്ടുവരാതിരുന്നാൽ ഒന്നല്ലെങ്കിൽ മറ്റൊന്ന്, ഏത് സോഴ്സെന്ന് ഞാൻ പറയുന്നില്ല, അവിടെ വലിയ സാധ്യതയുണ്ട്. ഗ്യാസ് പ്രയാസമാണെങ്കിൽ വേറെ സോഴ്സുണ്ടാകും. പക്ഷേ നമുക്ക് ആ സ്പീഡിൽ കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയുന്നില്ല. മെഗാ പ്രോജക്ടിനൊക്കെ വന്നിരിക്കുന്ന ഇഷ്യൂ ഒന്നുകിൽ ലാന്റ് അക്വിസിഷനുള്ള പ്രശ്നം അല്ലെങ്കിൽ ജനസഹകരണമില്ലായ്മ. രണ്ടാമത്തെ പ്രശ്നമെന്ന് പറയുന്നത് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പൊതുമേഖലയ്ക്ക് പ്രയോറിറ്റി നൽകുന്നില്ല. പൊതുമേഖലയിൽ അധികമൊന്നും നിക്ഷേപം നടക്കുന്നില്ലെന്നുള്ളതാണ് മറ്റൊരു പ്രശ്നം. പാലക്കാട് കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ പ്രൈവറ്റ് പാർട്ണറെ കാത്തിരിക്കുകയാണ്. അങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. എമർജിംഗ് കേരളയിൽ ഇലക്ട്രോണിക്സ് പാർക്ക് തുടങ്ങിയ ധാരാളം പ്രോജക്ടുകൾ വന്നിട്ടുണ്ട്. ലാന്റ് അക്വിസിഷന്റെ ഡിലേ മാത്രമാണ് ഇതിലൊക്കെയുള്ള പ്രശ്നം. പാലക്കാട് ഡിഫൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക് എന്നിവയ്ക്ക് 50 കോടി രൂപ വീതവും

കൊച്ചിയിലെ ഇലക്ട്രോണിക് പാർക്ക്, ക്ലസ്റ്റർ എന്നിവയ്ക്ക് 50 കോടി രൂപയും അനുവദിച്ചുകിട്ടി. കാക്കനാടുള്ള പതിനഞ്ച് ഏക്കർ സ്ഥലത്ത് 31 കോടി രൂപയുടെ ഒരു പ്രോജക്ടിനുവേണ്ടി ഇപ്പോൾ നമ്മൾ അപേക്ഷിച്ചിട്ടുണ്ട്. ഇവയൊക്കെ ധാരാളം ആളുകൾക്ക് ജോലി ലഭിക്കുന്ന പ്രോജക്ടുകളാണ്. ഇന്റർ നാഷണൽ എക്സിബിഷൻ സെന്റർ, ഫൂട്ട് വെയർ ക്ലസ്റ്റർ - കോഴിക്കോട് ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ആശയമാണ്. അത് ഉടൻതന്നെ അനുവദിച്ചുകിട്ടും. അതുപോലെതന്നെ ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം നല്ല പ്രോഗ്രസ്സുണ്ടാക്കുന്ന സംരംഭമാണ്. സ്പൈസസ് പാർക്ക്, തൊടുപുഴ - അതിന്റെ ലാന്റ് അക്വിസിഷൻ പൂർത്തിയായിട്ടില്ല. അങ്ങനെ പുതിയ തരത്തിലുള്ള ധാരാളം മെഗാ പ്രോജക്ടുകൾ നമ്മൾ കൊണ്ടുവരുന്നുണ്ട്. എമർജിംഗ് കേരളയിലും ധാരാളം പദ്ധതികൾ യാഥാർത്ഥ്യമായിട്ടുണ്ട്. രണ്ട് പദ്ധതികൾ പൂർത്തിയായി. 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയുംകൂടി നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. 56 പദ്ധതികളാണ് ഇനി കെ.എസ്.ഐ.ഡി.സി.യുടെയും മറ്റും പരിഗണനയിൽ ബാക്കിയുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ വിഴിഞ്ഞം പദ്ധതിയേക്കാൾ

പ്രാധാന്യം കൊടുക്കേണ്ടിയിരുന്നത് GAIL പദ്ധതിക്കാണ്. 7500 കോടി രൂപയുടെ ഈ പദ്ധതി നശിക്കാൻ പോവുകയാണ്. കേരളത്തിന്റെ പശ്ചാത്തല വികസനത്തിൽ ജനങ്ങൾക്ക് ചില ആശങ്കകളുണ്ട് എന്നത് ശരിയാണ്. നാലര കൊല്ലമായിട്ടും ജനങ്ങളുടെ ആശങ്ക ദൂരീകരിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. ഇതേ കാലഘട്ടത്തിലാണ് ഗുജറാത്തിലും ഈ പദ്ധതി വന്നത്. അവിടെ പണി പൂർത്തീകരിച്ചു. എന്റെ ചോദ്യം അതല്ല. നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന മില്ലുകളും സഹകരണമേഖലയിലെ മില്ലുകളും ഇന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്. സ്വകാര്യ മേഖലയിലെ മില്ലുകൾ ഏറെക്കുറെ തകർന്നുകഴിഞ്ഞു. പാലക്കാട് മാത്രമേ ഇപ്പോൾ നാല് മില്ലുകൾ പ്രവർത്തിക്കുന്നുള്ളൂ. ഇതിനാവശ്യമായിട്ടുള്ള പ്രവർത്തന മൂലധനമോ, യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളോ, അസംസ്കൃത വസ്തുക്കളുടെ ശേഖരണമോ നടക്കുന്നില്ല. വൈദ്യുതി ബില്ല് രണ്ടും മൂന്നും തവണ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു മാസം ഒരു ലക്ഷം മുതൽ പത്ത് ലക്ഷം രൂപ വരെ വൈദ്യുതി ചാർജ്ജ് ആവുകയാണ്. ടെക്സ്റ്റൈയിൽ മേഖല ഏറെക്കുറെ defunct ആകാൻ പോവുകയാണ്. 21.01.2014 ൽ ഞാൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ടെക്സ്റ്റൈൽസ് മേഖലയ്ക്ക് ബഡ്ജറ്ററി

വിഹിതമായി 27 കോടി രൂപ കൊടുക്കാൻ തീരുമാനിച്ചു എന്നാണ്. അതിന്റെ പകുതി പോലും കൊടുത്തിട്ടില്ല. അടച്ചുപൂട്ടാൻ പോകുന്ന കേരള ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സഹകരണ മില്ലുകളെയും നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മില്ലുകളെയും സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും നടപടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ടെക്സ്റ്റൈൽ മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഫണ്ട് റിലീസ് കൊണ്ട് മാത്രമാണ് ഈ മില്ലുകളെല്ലാം ഇപ്പോഴും തുറന്ന് പ്രവർത്തിക്കുന്നത്. വലിയ തോതിലാണ് ടെക്സ്റ്റൈൽ മില്ലുകൾക്ക് ഗവൺമെന്റ് ഫണ്ട് കൊടുത്തിരിക്കുന്നത്. കൊടുത്ത ഫണ്ടിന്റെ ആകെത്തുക കണ്ടാൽ നമ്മൾ അത്ഭുതപ്പെടും. അത്രയധികം ഫണ്ട് പലപ്പോഴായി കൊടുക്കുന്നുണ്ട്. വലിയ നഷ്ടത്തിലാണ് ഓരോ ടെക്സ്റ്റൈൽ മില്ലുകളും പ്രവർത്തിക്കുന്നത്. ഫണ്ട് കൊടുത്തുകൊണ്ട് മാത്രമാണ് ഇവ നിലനിർത്തുന്നത്. സഹകരണ മേഖലയിലും ഗവൺമെന്റ് മേഖലയിലും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അത് ഇവിടുത്തെ മാത്രം പ്രശ്നമല്ല. ഇന്ത്യയിലൊട്ടാകെ ടെക്സ്റ്റൈൽ മില്ലുകൾ വൻ നഷ്ടത്തിലാണ്.

ഇപ്പോഴുള്ള ശോചനീയാവസ്ഥയിൽ നിന്ന് ടെക്സ്റ്റൈൽ മില്ലുകളെ രക്ഷിക്കാൻ വേണ്ടിയുള്ള ഒരു പാക്കേജ് ആലോചിക്കുന്നതിന് വേണ്ടി 14-ാം തീയതി ട്രേഡ് യൂണിയനുകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ഒരു യോഗംവച്ചിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, രാജ്യത്തെ ആദ്യത്തെ ഡിഫൻസ് പാർക്ക് പാലക്കാട് ഒറ്റപ്പാലത്ത് അനുവദിച്ചതിൽ സന്തോഷമുണ്ട്. അതിനെ സംബന്ധിച്ച് സാധ്യതാ പഠനം നടന്നുവോ; പാർക്കിൽ എത്ര പേർക്ക് ജോലി കൊടുക്കുവാൻ സാധിക്കും; പ്രതിരോധ വകുപ്പും കിൻഫ്രയും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണകൾ എന്തെല്ലാമാണ്; എന്നത്തേക്കാണ് ഡിഫൻസ് പാർക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുക എന്നതിനെക്കുറിച്ച് വ്യക്തമാക്കാൻ കഴിയുമോ;

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 60 ഏക്കറിലാണ് ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നത്. അതിന്റെ പ്രോജക്ട് കോസ്റ്റ് 231 കോടി രൂപയാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗ്രാന്റ് 50 കോടിയാണ്. എംപ്ലോയ്മെന്റ് പൊട്ടൻഷ്യൽ - 4500 പേർക്ക് ജോലി കൊടുക്കും, ഇതാണ് ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ.

ശ്രീ. സി. പി. മുഹമ്മദ്: സർ, നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായ സ്ഥാപനമാണ് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. എന്നാൽ അതിന്റെ ഷെയറുകളെ സ്വകാര്യ മേഖലയ്ക്ക് കൈമാറുവാനുള്ള നീക്കം നടക്കുന്നതായി

പറയപ്പെടുന്നു. ഈ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരളാ ഗവൺമെന്റ് ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് എന്തെങ്കിലും സന്ദേശം ലഭിച്ചിട്ടുണ്ടോ; ഈ സ്ഥാപനത്തെ രക്ഷിക്കാനുള്ള അവസാന ശ്രമം എന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് ഇത് ഏറ്റെടുക്കാൻ തയ്യാറാകുമോ;

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് നമ്മുടെ സ്റ്റേറ്റിലുള്ളത് നന്നായി പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, മറ്റു സ്റ്റേറ്റുകളിലെ യൂണിറ്റുകളൊക്കെ നഷ്ടത്തിലാണ്. ഇത് സ്വകാര്യവൽക്കരിക്കരുത് എന്ന് നമ്മൾ അഭിപ്രായപ്പെട്ടുകൊണ്ട് കേരള ഗവൺമെന്റിന് ഇത് ഏറ്റെടുക്കാൻ താത്പര്യമുണ്ടെങ്കിൽ വിരോധമില്ല എന്നുള്ള രീതിയിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും കമ്മ്യൂണിക്കേഷൻ വന്നിട്ടുണ്ട്. അതിനോട് ഒരു പോസിറ്റീവ് ആറ്റിറ്റ്യൂഡ് എടുത്ത് ഇത് ചർച്ച ചെയ്യുന്നതിന് 14-ാം തീയതി ബഹു. പ്രതിപക്ഷ നേതാവ് അടക്കം പങ്കെടുക്കുന്ന ഒരു മീറ്റിംഗ് വച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ എം.എൽ.എ മാർ മുഴുവൻ ഈ ഇഷ്യൂ ചൂണ്ടിക്കാട്ടി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം എന്നാണ് പറയുന്നത്. ഇതിന് അനുകൂലമായിട്ടാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. സി. ദിവാകരൻ: സർ, ആധുനിക വ്യവസായ രംഗത്ത് വലിയ മാറ്റം

വന്നിട്ടുണ്ട്. പ്രത്യേകിച്ച് സോഫ്റ്റ് വെയർ എൻജിനീയറിംഗ് വ്യവസായ രംഗത്ത്. ടെക്നോപാർക്കുകൾ കേരളത്തിൽ വ്യാപകമായി വരുന്നുണ്ട്. അതിനുവേണ്ടി കഠിനമായി പരിശ്രമിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ, ലക്ഷക്കണക്കിന് ആളുകൾ പണിയെടുക്കുന്ന കേരളത്തിന്റെ തനത് വ്യവസായങ്ങളായ ബീഡി, ഓട്, കളിമൺ, ഈറ, കയർ, കൈത്തറി, കശുവണ്ടി ഇവയെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. ഈ മേഖലകളിലുള്ള ഏകദേശം 10 – 18 ലക്ഷം തൊഴിലവസരങ്ങൾ സാവധാനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ആധുനികവൽക്കരിച്ച് പുന:സംഘടിപ്പിക്കാൻ comprehensive ആയിട്ടുള്ള ഒരു സ്കീമിന് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പരമ്പരാഗ വ്യവസായങ്ങൾ ഓരോന്നും എടുത്തു പറഞ്ഞാൽ, മാർക്കറ്റ് ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്നതാണ് ബീഡി വ്യവസായത്തിന് വന്നിരിക്കുന്ന പ്രശ്നം. ബീഡിത്തൊഴിലാളികളെ മറ്റ് മേഖലകളിലേയ്ക്ക് പുനരധിവസിപ്പിക്കാനാണ് ട്രേഡ് യൂണിയൻ നേതാക്കളടക്കം ഇപ്പോൾ ശ്രമിക്കുന്നത്. അതുപോലെ തന്നെ അവർക്ക് ആശ്വാസപെൻഷൻ, താൽക്കാലിക സഹായം എന്നിവയൊക്കെ നൽകി നിലനിർത്താനാണ് ഗവൺമെന്റ്

ശ്രമിക്കുന്നത്. ബീഡിയെ സംബന്ധിച്ചിടത്തോളം അതിന് മാത്രമേ കഴിയൂ. കാരണം ബീഡിക്ക് മാർക്കറ്റുണ്ടാക്കുന്നതിനുവേണ്ടി ബീഡിവലി പ്രോൽസാഹിപ്പിക്കാൻ കഴിയുകയില്ല. മാത്രവുമല്ല ഈ തൊഴിലാളികൾക്ക് ആ മേഖലയിൽ നിന്നുള്ള വരുമാനവും വളരെ കുറവാണ്. എം.എൽ.എ.മാർ അടക്കമുള്ള ജനപ്രതിനിധികൾ ബീഡിത്തൊഴിലാകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് നിവേദനം തന്നിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യം ആലോചിക്കും. ആശ്വാസ പെൻഷൻ സ്ഥിരമായി കൊടുക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. അത് ഗവൺമെന്റ് നയപരമായി എടുക്കേണ്ട തീരുമാനമാണ്.

കളിമൺ വ്യവസായത്തെ സംബന്ധിച്ചിടത്തോളം എറ്റവും സീരിയസ്സായ ഇഷ്യൂ പാരിസ്ഥിതിക വിഷയമാണ്. മണ്ണ് എടുക്കാൻ പറ്റുന്നില്ല. എവിടെനിന്ന് മണ്ണെടുക്കാൻ ചെന്നാലും അവിടെയൊക്കെ പ്രശ്നമാണ്. എന്നാലും നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്ന് പ്രവർത്തിക്കുന്നുണ്ട്.

കയർ വ്യവസായത്തിന് അങ്ങനെയുള്ള പ്രശ്നങ്ങളൊന്നും ഇപ്പോഴില്ല. മാത്രമല്ല, വേൾഡ് മാർക്കറ്റിൽ നാച്ചുറൽ പ്രോഡക്ട്സിന് ഡിമാന്റ് കൂടിവരുന്നതുകൊണ്ട് കയറിന് നല്ല ഫ്യൂച്ചറുണ്ട്.

കശുവണ്ടി വ്യവസായം സംബന്ധിച്ച് പ്രത്യേകം ചർച്ച വച്ചിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനികവൽക്കരണം സാധ്യമായ വ്യസായങ്ങളുമുണ്ട് പരിഷ്കരിക്കേണ്ടതായ വ്യവസായങ്ങളുമുണ്ട്. നമ്മുടെ മുന്നിലുള്ള പ്രധാനപ്പെട്ട കാര്യം സാമ്പത്തിക ഘടനയെ ബാധിക്കുന്ന വിഷയം തന്നെയാണത്. അതിന്റെ പ്രാധാന്യം കുറച്ച് കാണുന്നില്ല. ഇത് കൂട്ടായി ചർച്ച ചെയ്യേണ്ട കാര്യമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിന്റെ തനത് കാർഷികോൽപ്പന്നങ്ങളെയും പരമ്പരാഗത ഉൽപ്പന്നങ്ങളെയും പരമാവധി പ്രയോജനപ്പെട്ടുത്തിക്കൊണ്ട് ഈ കാലഘട്ടത്തിന്റെ ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കുറെ പദ്ധതികൾ എമർജിംഗ് കേരളയിലൂടെയും യംഗ് എന്റർപ്രിണർ സമ്മിറ്റിലൂടെയും നമ്മുടെ മുന്നിൽ വരികയുണ്ടായി. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ബീഡിപോലുള്ള ചെറുകിട വ്യവസായം ഇല്ലാതായിക്കൊണ്ടിരിക്കുമ്പോൾ ചക്കപോലും വളരെ വലിയ മൂല്യവർദ്ധിത ഉൽപ്പന്നമായിട്ട് മാറുകയാണ്. ഈ യുവ സംരംഭകർക്കു വേണ്ടി ഗവൺമെന്റ് നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. യംഗ് എന്റർപ്രണർ സമ്മിറ്റിലൂടെ എത്ര പുതിയ പദ്ധതികൾ വന്നു; ആ പദ്ധതികൾക്ക് തുടർച്ചയുണ്ടാകുമോ; അത്

നടപ്പാക്കുന്നതിന് കേന്ദ്ര നിക്ഷേപമോ, വിദേശ നിക്ഷേപമോ നമുക്ക് ലഭിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചെറുകിട വ്യവസായ മേഖലയിൽ പുതിയ പ്രോജക്ടുകളുടെ എണ്ണം വളരെ കൂടുന്നുണ്ട്. അധികവും യുവാക്കൾ തന്നെയാണ് തുടങ്ങുന്നത്. വളരെയധികം ആളുകൾക്ക് തൊഴിൽ നൽകുന്ന മേഖലയായി ചെറുകിട വ്യവസായമേഖല മാറുന്നുണ്ട്. സ്റ്റാർട്ടപ് കമ്പനികൾക്ക് ഗവൺമെന്റ് വളരെയധികം പ്രോത്സാഹനം നൽകുന്നുണ്ട്. 2014-15 ൽ സ്റ്റാർട്ടപ് കമ്പനികളുടെ വിറ്റുവരവ് 7.84 കോടി രൂപയായിരുന്നു. അതുപോലെ ഇപ്പോൾ കേരളത്തിന്റെ ഐ.റ്റി എക്സ്പോർട്ട് വൻതോതിൽ കൂടി വരികയാണ്. മുമ്പ് 3,000 കോടി രൂപയായിരുന്നത് ഇപ്പോൾ 11,118.5 കോടി രൂപയായിക്കഴിഞ്ഞു. ഇൻഫോസിസ്-ന്റെയൊക്കെ ലേറ്റസ്റ്റ് ഫിഗറുംകൂടി വന്നുകഴിഞ്ഞാൽ ഈ സംഖ്യ ഇനിയും വളരെ കൂടും. ഇതുകൊണ്ടുള്ള എംപ്ലോയ്മെന്റ് പൊട്ടൻഷ്യാലിറ്റി വളരെയധികം കൂടിയിട്ടുണ്ട്. ടെക്നോപാർക്കിൽ ഇപ്പോൾ 49165 ജീവനക്കാരുണ്ട്. ഇൻഫോപാർക്കിൽ 24350 ജീവനക്കാരുമുണ്ട്. ഇതിനൊക്കെ അനുബന്ധമായി വരുന്ന കാര്യങ്ങൾ വേറെയുമുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ നിക്ഷപം വരികയും വളരുകയും എംപ്ലോയ്മെന്റ് കൊടുക്കുകയും ചെയ്യുന്ന മേഖലകളായി ചെറുകിട വ്യവസായ മേഖലയും ഐ.റ്റി. മേഖലയും മാറിക്കഴിഞ്ഞു. ഇവ ഇനിയും

പുരോഗതി പ്രാപിക്കും.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോച്ച് ഫാക്ടറിയെ സംബന്ധിച്ച് ഞാൻ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്തുന്ന കാലയളവ് മുതൽ കേൾക്കാൻ തുടങ്ങിയതാണ് . കഴിഞ്ഞ UPA ഗവൺമെന്റിന്റെ അവസാന കാലത്ത് ലോക്സഭാ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് കോച്ച്ഫാക്ടറിയുടെ ഉദ്ഘാടനം നടത്തിയെങ്കിലും ഇന്നേവരെ അത് ആരംഭിച്ചിട്ടില്ല. പാലക്കാട് ജില്ലയുടെ മാത്രമല്ല, സംസ്ഥാനത്തിന്റെ പൊതുവായൊരു കാര്യമാണിത്. ഈ സ്ഥാപനം ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുമാത്രമല്ല, ഇത് സ്വകാര്യമേഖലയിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് ആലോചിക്കുവെന്ന് ബഹുമാന്യനായ മന്ത്രി ഉത്തരം പറയുന്നതിനിടയിൽ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ ഈ പദ്ധതി നീണ്ടു പോകുക എന്നല്ലാതെ യാഥാർത്ഥ്യമാകാൻ വേണ്ടി പോകുന്നില്ല. കേരളത്തോട് കേന്ദ്രഗവൺമെന്റ് (UPA ഗവൺമെന്റായാലും NDA ഗവൺമെന്റായാലും) കാണിക്കുന്ന ക്രൂരമായ അവഗണനയുടെ ഏറ്റവും വലിയ ഉദാഹരണമാണ് കഞ്ചിക്കോട് കോച്ച് ഫാക്ടറി. മറ്റൊരുകാര്യം എനിക്ക്

പറയാനുള്ളത്, കഞ്ചിക്കോട് തന്നെ പ്രവർത്തിക്കുന്ന ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസ്-നെക്കുറിച്ചാണ്. കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കുന്ന സ്ഥാപനമാണിത്. ഇതിന്റെ നിരവധി യൂണിറ്റുകൾ ഇന്ത്യയുടെ മറ്റു പല പ്രദേശത്തും പ്രവർത്തിക്കുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ നഷ്ടവും കൊള്ളയുമാണ് ആ കേന്ദ്രങ്ങളിൽ നടക്കുന്നത്. അങ്ങനെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ വേണ്ടിപ്പോലും ഇവിടെയുള്ള ലാഭമാണ് കൊണ്ടുപോകുന്നത്. ഈ രണ്ടു വിഷയങ്ങളിൽ കേരളത്തോട് കേന്ദ്രഗവൺമെന്റ് കാണിക്കുന്ന ഗുരുതരമായ അവഗണനയ്ക്കെതിരെ എന്ത് നിലപാടാണ് കേരള ഗവൺമെന്റ് ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കോച്ച് ഫാക്ടറിയെപ്പറ്റി അങ്ങ് പറഞ്ഞത് ശരിയാണ്. നമ്മുടെ ചെറുപ്പകാലം മുതൽ കേട്ടുതുടങ്ങിയതാണ്. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റിന്റെ നയം കണ്ടിട്ട് നമ്മുടെ മക്കൾക്കും ആ യോഗമുണ്ടാകുമെന്നാണ് തോന്നുന്നത്. പി.പി.പി അടിസ്ഥാനത്തിൽ റെയിൽ കോച്ച് ഫാക്ടറി തുടങ്ങുന്നതിനായി കേന്ദ്രം പാർട്ണറെ കാത്തിരിക്കുകയാണ്. ഈ പ്രോജക്ട് നടപ്പിലാക്കാൻ റെയിൽവേയ്ക്ക് പണമില്ല, സ്വകാര്യ സംരംഭകനെ

കാത്തിരിക്കുകയാണ്. അതൊക്കെ എപ്പോൾ സംഭവിക്കും എന്നുള്ളത് ഇപ്പോൾ അറിയില്ല. ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടി അന്നത്തെ സംസ്ഥാന ഗവൺമെന്റ് 550 കോടി രൂപയുടെ ഭൂമി വിട്ടുകൊടുത്തു. പക്ഷെ, കേന്ദ്രം ഇപ്പോൾ പറയുന്നത് സ്വകാര്യ സംരംഭകർ വന്നാലെ ഇനി തുടങ്ങുകയുള്ളൂ എന്നാണ്. ഇക്കാര്യം ചർച്ച ചെയ്യാൻ വേണ്ടി ഈ മാസം 10-ാം തീയതി മുഖ്യമന്ത്രി റെയിൽവേ വകുപ്പുമന്ത്രിയുമായി ഒരു അപ്പോയ്മെന്റ് ഫിക്സ് ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി മുഖ്യമന്ത്രി അശ്രാന്തപരിശ്രമം നടത്തുന്നുണ്ട്. ഡൽഹിയിൽ പോകുമ്പോഴൊക്കെ അവരോട് സംസാരിക്കുന്നുണ്ട്. ഐ.റ്റി. ഐ.ടെ സ്ഥിതിയും അതുതന്നെയാണ്. ഒരു കാലത്ത് വളരെ നന്നായി നടന്നതാണ്. അതുപോലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്-ന്റെ കാര്യത്തിലായാലും എഫ്.എ.സി.റ്റി.യുടെ കാര്യത്തിലായാലും കേന്ദ്രഗവൺമെന്റ് ആവശ്യമായ ഫണ്ട് തരാത്ത പ്രശ്നങ്ങളുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, കേരളത്തിന്റെ ഏറ്റവും വലിയ സ്വപ്നപദ്ധതിയായ കൊച്ചിയിലെ സ്മാർട്ട്സിറ്റിയുടെ പണി പൂർത്തിയായതായി പത്രത്തിൽ വാർത്ത കണ്ടു. സ്മാർട്ട്സിറ്റിയുടെ ഉദ്ഘാടനം എന്ന് ചെയ്യാൻ സാധിക്കും; അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് എന്നുമുതൽ അവിടെ തൊഴിൽ കൊടുക്കാൻ സാധിക്കുമെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സ്മാർട്ട്സിറ്റിയുടെ ആദ്യഘട്ടം പൂർത്തിയായിരിക്കുകയാണ്. ഇനി ഉദ്ഘാടനം ചെയ്താൽ മാത്രം മതിയെന്ന് സന്തോഷത്തോടുകൂടി അറിയിക്കുകയാണ്. എകദേശം 5000 പേർക്ക് ജോലി കൊടുക്കാൻ കഴിയുന്ന ആദ്യഘട്ടം ജനുവരിയിൽ ഉദ്ഘാടനം ചെയ്യാൻ കഴിയും. സ്മാർട്ട്സിറ്റിയുടെ ഉടമസ്ഥർ ദുബായ് ഗവൺമെന്റാണ്. അതുകൊണ്ട് അവിടത്തെ ഭരണാധികാരി ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് സ്വാഭാവികമായും കേന്ദ്രഗവൺമെന്റ് ആലോചിച്ച് ചെയ്യേണ്ട ഒരു വിഷയമായതുകൊണ്ട് അതിന്റെ കൃത്യമായ ഡേറ്റ് ഇപ്പോൾ പറയാൻ കഴിയില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, വ്യവസായ മേഖലയിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ(PPP) ഗവൺമെന്റിന്റെ ഒരു പോളിസിയാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഇൻവെസ്റ്റ് ചെയ്യാൻ ഇടത്തരം പ്രവാസികൾ തയ്യാറാണ്. അതുകൊണ്ട് പി.പി.പി തന്നെ മറ്റൊരു രീതിയിൽ, അതായത് പബ്ലിക് പ്രവാസി പാർട്ടിസിപ്പേഷൻ എന്ന രീതിയിൽ വ്യവസായ സംരംഭ സംവിധാനം തുടങ്ങുന്നതിന് ഗവൺമെന്റിന് പദ്ധതിയുണ്ടോ; ഇടത്തരം വരുമാനക്കാരായിട്ടുള്ള പ്രവാസികളെ സഹകരിപ്പിച്ച് അവർക്കുകൂടി ആകർഷകമായിട്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്

ഗവൺമെന്റ് തയ്യാറാകുമോ; അതിനെക്കുറിച്ചൊരു പ്രഖ്യാപനം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രവാസികൾക്കുവേണ്ടി നിരവധി ആനുകൂല്യങ്ങൾ അതാതു കാലങ്ങളിൽ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. മാത്രമല്ല, കേരളത്തിൽ ഇപ്പോൾ ചെറുകിട വ്യവസായമേഖലയിൽ നല്ല വളർച്ചാനിരക്കുണ്ട്. ഇൻഡ്യയിൽ ഏറ്റവുമധികം വളർച്ചാനിരക്കുള്ള ഒരു സ്റ്റേറ്റ് കേരളമാണ്. അതിൽ നല്ലൊരു ശതമാനം പ്രവാസികളും എൻ.ആർ.ഐ.-ക്കാരുമാണ്. ഇടത്തരം ചെറുകിട മേഖലയിൽ പ്രതിവർഷം 12.3 ശതമാനം വളർച്ചാനിരക്കുണ്ട്. ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. പ്രവാസികൾ നല്ലൊരു ശതമാനമുണ്ട്; നിരവധി ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കുന്നുമുണ്ട്. അവരുടെ പൊട്ടൻഷ്യൽ അനുസരിച്ച് വ്യവസായം വളരുന്നില്ല; ബാങ്കിൽ ഇത്രയും ഫണ്ട് ഉണ്ടെന്നുള്ളതുകൊണ്ടാണ് കുറച്ചുകൂടി ചെയ്യാമെന്ന് നമുക്ക് തോന്നുന്നത്. ഇനിയും സാധ്യതകളുണ്ട്; കൂടുതലായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം.

ശ്രീ. വർക്കല കഹാർ: സർ, ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഒന്നാംഘട്ടം തോന്നയ്ക്കൽ ആയിരുന്നു. അതിന്റെ രണ്ടാംഘട്ടത്തിന്റെ സ്ഥിതി എന്തായി; വലിയ

വ്യവസായങ്ങളാണ് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളും പ്രതിസന്ധികളുമൊക്കെ നേരിടുന്നത്. കേന്ദ്ര നിക്ഷേപങ്ങൾ മൂലം ചെറുകിട വ്യവസായ മേഖലയിലുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചെറുകിട വ്യവസായമേഖലയിൽ ആദ്യം കൃഷി, കച്ചവടം, ബിൽഡിംഗ് ഉണ്ടാക്കി വാടകയ്ക്ക് കൊടുക്കുക, ട്രേഡ് ഇതൊക്കെയായിരുന്നു ഉണ്ടായിരുന്നത്. അതല്ലാതെ മാനുഫാക്ചറിംഗ് ഒരു വലിയ ജീവിതമാർഗ്ഗമായിരുന്നില്ല. പലതരത്തിലുള്ള സാങ്കേതിക വിദ്യകൾ വന്നതോടുകൂടി ആളുകൾ ചെറിയരീതിയിൽ എന്തെങ്കിലുമൊക്കെ വ്യവസായങ്ങൾ ചെയ്ത് അതൊരു മാനുഫാക്ചറിംഗ് രീതിയായി മാറിയിട്ടുണ്ട്. അതുകൊണ്ടാണ് നമുക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതൽ വളർച്ചാനിരക്ക് ഉള്ളത്. പല മേഖലകളിലായി ധാരാളം രജിസ്ട്രേഷനുകൾ നടക്കുന്നുണ്ട്. മാനുഫാക്ചറിംഗ്, ഫുഡ് പ്രോസ്സസിംഗ്, ഫുഡ് പാക്കിംഗ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ മുതലായവയും ചെയ്യുന്നുണ്ട്. കൂടാതെ ഐ.ടി. മേഖലയിൽ നിരവധി ഹാർഡ് വെയർ ഉല്പന്നങ്ങളുണ്ടാക്കുക, ഇലക്ട്രോണിക് ഉല്പന്നങ്ങളുണ്ടാക്കുക; ഇതൊക്കെ കേരളത്തിൽ വളരെയധികം നടന്നുവരുന്നുണ്ട്. ഇവയൊന്നും വിസിബിൾ അല്ലാത്തതുകൊണ്ട് അധികം സ്ഥലം വേണ്ട, എന്നാൽ വളർച്ചയുമുണ്ട്. അതുകൊണ്ട് നിരവധി ആളുകൾക്ക് ജീവിതമാർഗ്ഗമായി വരുന്നുണ്ട്.

ലാൻഡ് അക്വിസിഷനാണ് രണ്ടാമത്തേത്; അതൊരു സ്റ്റേജിൽ എത്തി നിൽക്കുകയാണ്. അതുടനെ പൂർത്തിയാക്കേണ്ടതുണ്ട്; അതാണ് വർക്കലയിലുള്ള ഗ്ലോബൽ ആയുർവ്വേദ വില്ലേജ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ടെക്സ്റ്റൈയിൽ വ്യവസായം രൂക്ഷമായ പ്രതിസന്ധിയിലാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ധാരാളം ഫണ്ടും അതുമായി ബന്ധപ്പെട്ട് നല്കിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയത്. വ്യവസായങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പാക്കേജുകൾ ഉണ്ടാക്കി ശാസ്ത്രീയമായി ഈ ഫണ്ടുകൾ വിനിയോഗിക്കാത്തതുകൊണ്ട് ഫലപ്രദമാകുന്നില്ല എന്നുള്ള ഒരു പ്രശ്നം പൊതുവെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കൊല്ലം ജില്ല സഹകരണ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എൻ.സി.ഡി.സി.യുടെ 47 കോടി രൂപ ധനസഹായം സംസ്ഥാന സർക്കാരിൽ അനുവദിച്ചുവന്നിട്ട് ഒരു വർഷം കഴിഞ്ഞു. ആ ഫണ്ട് റിലീസ് ചെയ്യാൻ ധനകാര്യവകുപ്പ് വലിയ അമാന്തം കാണിക്കുകയാണ്. എന്നാൽ പ്രവർത്തന മൂലധനമായി ഗവൺമെന്റ് പലതവണകളായി കുറേശ്ശേ പൈസ കൊടുത്തിട്ടുമുണ്ട്; ഒരുദാഹരണമാണ് ഞാൻ പറയുന്നത്. ഇതുപോലുള്ള പുനരുദ്ധാരണ പാക്കേജുകൾ

യഥാസമയം നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് ചെലവാക്കുന്ന പ്രവർത്തന മൂലധനംപോലും ഗുണകരമല്ലാതായിപ്പോകുന്ന ഒരവസ്ഥ പൊതുമേഖലാസ്ഥാപനങ്ങളിലുണ്ട്. അത്തരം കാര്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ദേഹം അതിലിടപെട്ട് സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് നടപടിയെടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എൻ.സി.ഡി.സി. കോമൺ ഫണ്ടിലേക്ക് അനുവദിച്ച തുക ഇവിടത്തെ സാമ്പത്തിക പരാധീനത കൊണ്ട് ഡിലേ ആയി. അത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. എൻ.സി.ഡി.സി. അനുവദിച്ച തുക ഉടനെ കൊടുക്കണം എന്നുള്ളത് ഫിനാൻസ് മിനിസറ്റർ എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14-ാം തീയതി തിങ്കളാഴ്ച ട്രേഡ് യൂണിയനുകളുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ വളരെ സീരിയസ്സായി ഉന്നയിക്കുന്ന ഒരു പ്രശ്നം ഫണ്ട് റിലീസിന്റെ ഇഷ്യൂവാണ്. കൊയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ സ്ഥിതി വളരെ ബുദ്ധിമുട്ടിലാണ്. അതിനും 14-ാം തീയതിയിലെ യോഗത്തിൽ തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, പലരും പറഞ്ഞതുപോലെ ടെക്സ്റ്റൈയിൽ

വ്യവസായം വലിയ പ്രതിസന്ധിയിലാണ്. ആ പ്രതിസന്ധി പരിഹരിക്കാവുന്ന മാർഗ്ഗങ്ങളിലൊന്നാണ് ആഭ്യന്തരമാർക്കറ്റ്. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നേരത്തെ വ്യവസായ വകുപ്പ് ബിസിനസ്സ് ഗാല സ്റ്റാർട്ട് ചെയ്യുമെന്ന് പറഞ്ഞിരുന്നു. കേരളത്തിൽ അങ്ങനെ ഏതെങ്കിലും ബിസിനസ്സ് ഗാല ആരംഭിച്ചിട്ടുണ്ടോ; അങ്ങനെയൊരു ബിസിനസ്സ് ഗാല സ്റ്റാർട്ട് ചെയ്യുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് മണ്ഡലങ്ങളിൽ ഒരുക്കിത്തരേണ്ടത്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബിസിനസ്സ് ഗാല എന്നതുകൊണ്ട് ഉദ്ദേശിച്ചത്, ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വേണ്ട സ്ഥലം ആവശ്യമില്ലാത്ത ധാരാളം വ്യവസായങ്ങളുണ്ട്. അങ്ങനെയുള്ള വ്യവസായങ്ങൾ നമ്മളിപ്പോൾ ധാരാളം പ്ലാൻ ചെയ്തിട്ടുണ്ട്. അത് ആവശ്യമുള്ള സ്ഥലത്ത് കൊടുക്കാവുന്നതാണ്. അതിന് ഗ്രാന്റ് കിട്ടുകയും ചെയ്യും; അത് ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ:</u> സർ, കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള എൻ.ടി.പി.എസ്. നവരത്ന കമ്പനികളിലൊന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്കമാലിയിലെ ടെൽക്കുമായി ബന്ധപ്പെട്ട് ടേക്ക് ഓവർ നടക്കുകയും അത്തരത്തിലുള്ള പരിപാടികളുമായി മുന്നോട്ടു പോകുകയും ചെയ്തിരുന്നു. എന്നാൽ

കഴിഞ്ഞ ഒന്നരണ്ടു വർഷക്കാലമായി അത് ഡിക്ലയിനിംഗിലാണ്. ടെൽകിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. അതോടൊപ്പംതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച 'ഇൻകെൽ' പദ്ധതി വളരെ വിജയകരമായി മുന്നോട്ടു പോകുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ അത് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കെ.എ.എസ്.ഇ. (K.A.S.E) -മായി ബന്ധപ്പെട്ട പരിശീലന പരിപാടിയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഇപ്പോൾ അവിടെ ഇൻകെല്ലിന് കൊടുക്കാൻ സ്ഥലമില്ല. അത് വികസിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ, ടെൽകിന്റെ കാര്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കാൻ കഴിഞ്ഞ വർഷം ഞാൻ ഒരു സബ്മിഷൻ നല്കിയതാണ്. ഒരു വർഷമായിട്ടും ഇതുവരെ യോഗം വിളിച്ചു ചേർത്തിട്ടില്ല. തൊഴിലാളികളെയും മാനേജ്മെന്റിനെയും ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നേരത്തെ ശ്രീ. കെ. എം. ഷാജി ചോദിച്ച ബിസിനസ്സ് ഗാലയുമായി ബന്ധപ്പെട്ട മൾട്ടിസ്റ്റോർഡ് ബിൽഡിംഗ് ഇടയാറിൽ ഒരെണ്ണം പൂർത്തിയായിട്ടുണ്ട്. ടെൽകിന്റെ കാര്യത്തിലുള്ള പ്രശ്നമെന്താണെന്നുവച്ചാൽ,

എൻ.ടി.പി.സി.ക്ക് ഒരു ടെക്നോളജി കൊണ്ടുവരാൻ കഴിയാത്തതും കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം വരാത്തതുമാണ്. യോഗം വിളിച്ച് കൂട്ടാം, കേന്ദ്രവുംകൂടി പങ്കാളിയായതുകൊണ്ടാണ് ഡിലേ ഉണ്ടായത്. ടെൽക്കിലെ ഇപ്പോഴത്തെ ജെ.വി. പ്രോജക്ടിന്റെ സ്ഥിതി അത്ര നന്നല്ല; പുതിയ ടെക്നോളജി കിട്ടിയേ മതിയാവൂ. 'ഇൻകെൽ' നല്ല നിലയിൽ പോകുന്നുണ്ട്; ധാരാളം വ്യവസായങ്ങൾ വരുന്നുണ്ട്; അങ്കമാലിയിലുള്ളതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കാം. ഇനി എന്താണ് വേണ്ടതെന്നുള്ളത് ചർച്ച ചെയ്യാം; വേണമെങ്കിൽ യോഗം വിളിക്കുകയും ചെയ്യാം.

ശ്രീ. ബെന്നി ബെഹനാൻ: സർ, കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനങ്ങളാണ് FACT, HMT, HOC. ഈ വ്യവസായ സ്ഥാപനങ്ങളെല്ലാം ഇന്ന് വലിയ തകർച്ചയിലാണ്. ഇതെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഈ വ്യവസായ സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഒരു പുനരുദ്ധാരണ പാക്കേജ് നേരത്തേ സംസ്ഥാന ഗവൺമെന്റും ട്രേഡ് യൂണിയനുകളും ചേർന്ന് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരുന്നു. ഇതുവരെയായിട്ടും അതിന് യാതൊരു നടപടിയും എടുത്തിട്ടില്ല. കേരളത്തിൽ തകർച്ചയിലായിരിക്കുന്ന ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളായ FACT, HMT, HOC എന്നിവയെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും സഹായം ലഭ്യമാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോകുമ്പോൾ കേന്ദ്ര മന്ത്രിമാരുമായി സംസാരിക്കുന്നുണ്ട്. അതിനുവേണ്ടുന്ന മെറ്റീരിയൽ കൊടുക്കുന്നുണ്ട്. കറസ്പോണ്ടൻസ് നടത്തുകയും, ഓഫീസേഴ്സും ഞാനും ഇടയ്ക്കൊക്കെ പോയി സംസാരിക്കുന്നുമുണ്ട്. FACT-യുടെ കാര്യത്തിൽ അവർ പറയുന്ന തീരുമാനങ്ങളെല്ലാം എടുത്തുകൊടുത്തു. ലാന്റിന്റെ മുകളിൽ ഫുൾ റൈറ്റ് കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞു. നമ്മൾ തയ്യാറാണെന്ന് ക്യാബിനറ്റ് അറിയിച്ചു. അതാണ് അവർ അവസാനം പറഞ്ഞിരുന്നത്. പിന്നെ എല്ലാ MP മാരും പാക്കേജിനുവേണ്ടി ശ്രമിച്ചു. കേന്ദ്ര ഗവൺമെന്റ് പാക്കേജിതുവരെ ഡിക്ലയർ ചെയ്തിട്ടില്ല. അതുപോലെതന്നെ എച്ച്.എം.ടി. യുടെ സാധനങ്ങൾ വാങ്ങേണ്ടത് ഡിഫൻസും അതുപോലുള്ള പലരുമാണ്. അവിടെ വരുന്ന അമാന്തങ്ങളും പ്രശ്നങ്ങളുമാണ് എച്ച്.എം.ടി.-യെ മന്ദഗതിയിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പ്രയോറിറ്റി മാറിവരുകയാണ്. അതാണ് ഇഷ്യൂ. അവർക്ക് കുറച്ചുകൂടി ഫണ്ട് കൊടുക്കുകയും പ്രോത്സാഹനം കൊടുക്കുകയും ചെയ്യണം. എച്ച്.ഒ.സി.എൽ.-ലും അതുതന്നെയാണ് സ്ഥിതി. പഴയ വ്യവസായങ്ങൾക്കുള്ള natural പ്രശ്നങ്ങളാണ്. പക്ഷേ, ഒന്നുകൂടി ഗൗരവത്തിൽ ഇതിനുവേണ്ടി പരിശ്രമിക്കണം. ഞങ്ങളത്

ചെയ്യുന്നതാണ്.

<u>ശ്രീ. കെ. ദാസൻ</u> : സർ, ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള ഒരുപാട് സങ്കീർണ്ണതകളാണ് കേരളത്തിൽ വ്യവസായം പുതുതായി ആരംഭിക്കുന്നതിൽ തടസ്സമായി നിൽക്കുന്നത്. ഒട്ടേറെ നടപടികൾ ഇതിന്റെ ഭാഗമായി വരുന്നതുകൊണ്ട് ഒരുപാട് കാലതാമസം വന്നുകൊണ്ടിരിക്കുകയാണ്. കൊച്ചി കപ്പൽനിർമ്മാണശാലയുടെ അടുത്ത നിർമ്മാണ കേന്ദ്രം ഗുജറാത്തിലേയ്ക്ക് മാറ്റാൻ ഇന്ത്യാ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലാവശ്യമായ ഭൂമി ഏറ്റെടുത്ത് കൊടുക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ടാണ് ഗുജറാത്തിലെ കണ്ടിലേയ്ക്ക് മാറ്റുന്നതെന്നാണ് അതിന് കാരണമായി പത്രത്തിൽ വന്ന വാർത്ത. ഈ നിലയിൽ കേരളത്തിൽ ഇന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതിൽ രണ്ട് കാര്യങ്ങളാണ്. ഭൂമി ഏറ്റെടുക്കുന്നതിലാണ് ഒന്നാമത്തെ പ്രശ്നം. കേരളത്തിലെന്തുമാവാം പക്ഷേ, ഭൂമിയുടെ മേൽ തൊട്ടുകളിക്കാൻ പറ്റില്ല. കാരണം ഭൂമിയെ സംബന്ധിച്ച് നമ്മൾ അത്രയധികം സെൻസിറ്റീവാണ്. മാത്രമല്ല, വ്യവസായത്തിന് ഒരുപാട് പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് delay ഉണ്ട്. അത് ലളിതവൽക്കരിക്കാൻ പുതിയ ലാന്റ്

അക്വിസിഷൻ നിയമങ്ങൾ വരുമ്പോൾ ആവുന്നത്ര ശ്രമിക്കാം. കൊച്ചിൻ ഷിപ്പിയാഡിന്റെ മുൻ പ്രസിഡന്റ് ശ്രീ. എളമരം കരീമിന്റെ ഒരു സബ്മിഷനുണ്ട്. സ്വകാര്യവത്കരിക്കാൻ നോക്കുന്നതിനെക്കുറിച്ചുള്ള ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തായതുകൊണ്ട് അദ്ദേഹം മറുപടി പറയും.

ശ്രീ. കെ. രാജു: സർ, കേരളത്തിലെ റബ്ബർ കൃഷിയെക്കൂടി പരിഗണിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങേണ്ടത് വളരെ ആവശ്യമാണ്. പത്തനാപുരത്ത് പിറവന്തൂർ പഞ്ചായത്തിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിൻഫ്രയുടെ വ്യവസായ പാർക്കിന്റെ ഒരു മേജർ ഭാഗം റബ്ബർ പാർക്കിനുവേണ്ടി വിട്ടുകൊടുക്കുകയുണ്ടായി. കേന്ദ്രത്തിന്റെ സഹായത്തോടുകൂടി ആരംഭിക്കുന്ന ഒരു റബ്ബർ പാർക്കാണിത്. എന്നിട്ട് നാളിതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് മാത്രമല്ല, ഇതിനോട് ചേർന്ന് കിടക്കുന്ന 15 ഏക്കറിലധികം വരുന്ന പുനലൂർ പ്ലൈവുഡ് ഫാക്ടറി അടച്ചുപൂട്ടി തൊഴിലാളികൾക്ക് തൊഴിലില്ലാതായിട്ട് വർഷങ്ങളായി. ആ പ്ലൈവുഡ് ഫാക്ടറി കിടക്കുന്ന സ്ഥലം കൂടി ഏറ്റെടുത്തുകൊണ്ട് റബ്ബറധിഷ്ഠിത വ്യവസായം എന്നുള്ള നിലയ്ക്ക് റബ്ബർ വ്യവസായത്തോടൊപ്പം തന്നെ റബ്ബർ തടി ഉപയോഗിച്ചുള്ള വ്യവസായവും ആരംഭിക്കുവാൻ കഴിയും. ഇതൊട്ടാകെ

പുരോഗമിക്കുന്നതിന് ഒരു പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, റബ്ബറധിഷ്ഠിത വ്യവസായങ്ങൾ പലതും ഇപ്പോൾ സംസ്ഥാനത്തുണ്ട്. അതിനുവേണ്ടി കിൻഫ്രാ പാർക്കുകളിലൊക്കെ പ്രോത്സാഹനവുമുണ്ട്. ഈ പറഞ്ഞതൊക്കെ ഉൾപ്പെടുത്തി മെച്ചപ്പെടുത്തുന്ന കാര്യം ആലോചിക്കാം.

മി.സ്പീക്കർ: ഈ ചോദ്യത്തിന് 45 മിനിട്ട് എടുത്തിട്ടുണ്ട്. ഇനിയും ഒട്ടേറെ അംഗങ്ങൾ ചോദ്യം ചോദിക്കുന്നതിന് കൈ ഉയർത്തിയിട്ടുണ്ട്. അടുത്ത ചോദ്യത്തിലേയ്ക്ക് പോകണം. ഏറ്റവും കൂടുതൽ ചോദ്യം കിട്ടിയിട്ടുള്ളവരെയാണ് ഇത്തവണ ഒഴിവാക്കിയിട്ടുള്ളത് എന്നുകൂടി ചെയർ എടുത്ത് പറയുന്നു.

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം

(*182) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) യുവാക്കളുടെ യഥാർത്ഥ പ്രശ്നം കണ്ടെത്തി പരിഹരിക്കാൻ ആവശ്യമായ

തരത്തിലുള്ള യാതൊരു പ്രവർത്തനവും യുവജനക്ഷേമ ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ലെന്ന ആക്ഷേപം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) സമൂഹത്തിന്റെ കരുത്താകേണ്ട യുവജനങ്ങൾക്ക് കായികമായും മാനസികമായും കരുത്തേകുന്നതിന് വേണ്ട ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നതിന് സാധിച്ചില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സാമൂഹിക മുന്നേറ്റത്തിന് യുവാക്കളെ സജ്ജമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ യുവജനക്ഷേമബോർഡ് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ അവസ്ഥയെന്താണ്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ,

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ ജില്ലയിലേയും ജില്ലാതലത്തിലും, ഗ്രാമ പഞ്ചായത്തിലുമുള്ള കോ-ഓർഡിനേറ്റർമാർ അതാത് പ്രദേശത്തെ യുവജനങ്ങളുമായി നേരിട്ട് സംവദിച്ചാണ് യുവജനക്ഷേമബോർഡിന്റെ പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത്. കൂടാതെ,

യുവജനക്ഷേമ പഠന ഗവേഷണ കേന്ദ്രത്തിലെ റിസർച്ച് കോ-ഓർഡിനേറ്റർ, റിസർച്ച് അസോസിയേറ്റ് എന്നിവർ പ്രോജക്റ്റുകൾ വിശകലനം ചെയ്യുകയും പ്രോജക്റ്റ് മാനേജ്മെന്റ് സെല്ലിന്റെ ശുപാർശ പ്രകാരം വിവിധ തലത്തിലുള്ള പരിശോധനകൾക്കും പരിഗണനകൾക്കും ശേഷമാണ് പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനായി തുക അനുവദിക്കുന്നത്.

(സി) യുവജനങ്ങൾക്ക് കായികമായും മാനസികമായും കരുത്തേകുന്ന വിധത്തിൽ കേരളോത്സവം, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ് തുടങ്ങിയ നിരവധി പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് യാതൊരു പരാതികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സാമൂഹിക മുന്നേറ്റത്തിന് യുവാക്കളെ സജ്ജമാക്കുന്നതിനായി പുനർജ്ജനി, ലഹരി വിമുക്ത കേരളം - ക്യാമ്പയിൻ, യുവജന സാമൂഹിക പ്രതിബദ്ധതാ പദ്ധതി, വിവിധ ഗവേഷണ പദ്ധതികൾ, ജീവദായിനി, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, സ്പോർട്സ് കിറ്റ് വിതരണം എന്നിവ സംഘടിപ്പിച്ച് വരുന്നു. കൂടാതെ സാക്ഷരത, പ്രകൃതി പഠനം, പരിസ്ഥിതി വിജ്ഞാനം, ജൈവകൃഷി, തൊഴിൽ പരിശീലനം, വനിതാശാക്തീകരണം എന്നീ

മേഖലകളിലും യുവജനങ്ങൾക്ക് വേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. യുവജനങ്ങളുടെ കർമ്മശേഷിയെ സാമൂഹ്യ മുന്നേറ്റത്തിന് സജ്ജമാക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ഈ വിഭാഗങ്ങളിൽക്കൂടി സംഘടിപ്പിച്ചിട്ടുള്ളത്.

ശ്രീ. ആർ. രാജേഷ്: സർ, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അത്ര കാര്യക്ഷമമായിട്ടല്ല നടക്കുന്നത്. ഒരുപാട് പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിനെക്കുറിച്ച് മന്ത്രി ചൂണ്ടിക്കാണിച്ചു. നടപ്പിലാക്കുന്ന പദ്ധതികളുടെ ഓഡിറ്റ് (പുരോഗതി) വിലയിരുത്താൻ സർക്കാർ തയ്യാറായിട്ടുണ്ടോ; താഴെത്തലം മുതൽ പഞ്ചായത്ത് തലം വരെയുള്ള യുവജനങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങളുണ്ട്. അൺ എംപ്ലോയ്മെന്റിന്റെ പ്രശ്നങ്ങളുണ്ട്. അവരുടെ കായികവും ആരോഗ്യവും ശാരീരികവും മാനസികവുമായ പല പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നുവെന്ന നിലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ വിപുലമായ സിറ്റിംഗുകൾ/അദാലത്തുകൾ നടത്താൻ യുവജന ക്ഷേമബോർഡ് തയ്യാറാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. പക്ഷേ, യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ ബോർഡ് പ്രത്യേകമായിട്ട് വിലയിരുത്താറുണ്ട്. കേരളോത്സവം

പോലുള്ള നിരവധി പരിപാടികൾ യുവജനക്ഷേ ബോർഡ് യുവജന പങ്കാളിത്തത്തോടുകൂടി വളരെ ഭംഗിയായിത്തന്നെ നടത്തുന്നു.

ശ്രീ. ആർ. രാജേഷ്: സർ, നമ്മുടെ സമൂഹം നേരിടുന്ന ധാരാളം പ്രശ്നങ്ങളിലേറ്റവും പ്രധാനപ്പെട്ട പ്രശ്നം ലഹരി വിമുക്തമായ കേരളത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ യുവജനക്ഷേമ ബോർഡ് ഏറ്റെടുക്കുന്നതായി മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. നമ്മുടെ സമൂഹത്തിനുണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ആഡംബര ലഹരി. ചില വിവാഹങ്ങൾ വലിയ ആഡംബരത്തിന്റേയും ആർഭാടത്തിന്റേയും നിലയിലേയ്ക്ക് മാറുകയാണ്. വിവാഹ ദിനത്തിന്റേതിനപ്പുറത്തേയ്ക്കായി ഒരു ദീർഘമായ പ്രസക്തിയെക്കുറിച്ചല്ല നമ്മുടെ സമൂഹത്തിലെ യുവജനങ്ങൾ ആലോചിക്കുക. അതുകൊണ്ട് ആർഭാടരഹിതമായ ആഡംബര രഹിതമായ വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഞാൻ പ്രതിനിദാനം ചെയ്യുന്ന യുവജനപ്രസ്ഥാനമടക്കമുള്ള പ്രസ്ഥാനങ്ങൾ മുന്നോട്ടുവരാൻ തയ്യാറാണ്. വിവിധ പ്രസ്ഥാനത്തിന്റെ ഭാഗമായ യുവജന നേതാക്കൻമാർ നമ്മുടെ സഭയിലുണ്ട്. അവരെയൊക്കെ കൂട്ടിയോജിപ്പിച്ചുകൊണ്ട് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സാമൂഹികമായ സാമ്പത്തികമായ പ്രശ്നം; ആർഭാട രഹിതമായ ആഡംബരരഹിതമായ വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്

വേണ്ടി യുവജനക്ഷേമ ബോർഡ് വിപുലമായ ബോധവൽക്കരണ പരിപാടികൾ ഏറ്റെടുക്കാൻ തയ്യാറാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, തീർച്ചയായും ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സംസ്ഥാന യുവജനക്ഷേമ ബോർഡ് ആക്ടീവായി കുറേ കാര്യങ്ങൾ ചെയ്യുന്നുവെന്ന് മന്ത്രി പറഞ്ഞതിനോട് ഞാൻ പൊതുവേ യോജിക്കുകയാണ്. കേരളത്തിലെ യുവജനശക്തിയെ സമാഹരിക്കുന്നതിനുവേണ്ടി യൂത്ത് ക്ലബ്ബുകളെ കൂട്ടിയോജിപ്പിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ യൂത്ത് കൗൺസിലുകളും യൂത്ത് കോ-ഓഡിനേറ്റർമാരേയും നിയോഗിച്ചത് കഴിഞ്ഞ യുവജനക്ഷേമ ബോർഡിന്റെ കാലഘട്ടത്തിലാണ്. ആ യൂത്ത് കോ-ഓഡിനേറ്റർമാരും യൂത്ത് കൗൺസിലുകളും ഇപ്പോൾ നിലവിലുണ്ടോ, അവർക്ക് മാന്യമായ honorarium കൊടുക്കുന്നുണ്ടോ, ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോ, യുവജനസംഘടനകളേയും യൂത്ത് ക്ലബ്ബുകളേയും യോജിപ്പിക്കുന്ന യൂത്ത് കോ-ഓഡിനേറ്റർ കൗൺസിലുകൾ പഞ്ചായത്ത് തലത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ, അതിന്റെ അവസ്ഥയെന്താണ്?

ശ്രീമതി പി. കെ. ജയലക്ഷ്മി : സർ, ഇപ്പോഴും യൂത്ത് കോ-ഓഡിനേറ്റർമാർ

പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ വേതനം അന്ന് 1000 രൂപയായിരുന്നത് 2000 രൂപയായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. യൂത്ത് കൗൺസിലായിട്ട് പ്രവർത്തിക്കുന്നില്ല, പക്ഷേ, യൂത്ത് കോ-ഓഡിനേറ്റർമാർ ക്ലബ്ബുകൾ രൂപീകരിച്ച് പഞ്ചായത്ത് തലത്തിൽത്തന്നെ വളരെ നല്ല രീതിയിൽ പോകുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സാമൂഹ്യ പ്രതിബദ്ധതയുള്ള യുവ സമൂഹത്തെ വാർത്തെടുക്കുക എന്നുള്ളതാണ് യുവജനനയത്തിന്റെ ഊന്നൽ. സ്വന്തം ജീവൻ പോലും പണയംവച്ച് രണ്ട് ജീവനുകൾ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ മരണം വരിച്ച ആളാണ് കോഴിക്കോടുള്ള നൗഷാദ്. അദ്ദേഹം അല്പമെങ്കിലും ബാക്കി നിൽക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുടെ ഉജ്ജ്വലമായ പ്രതീകമാണ്. ചിലരെങ്കിലും സമാനതകളില്ലാത്ത ആ ജീവത്യാഗത്തെ അപഹസിക്കുന്നുണ്ട്. അത് ഖേദകരമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ധനസഹായം പ്രഖ്യാപിച്ചിട്ടുള്ളത് അഭിനന്ദാർഹമാണ്. ഞങ്ങൾ ഡി.വൈ.എഫ്.ഐ.-ക്കാരും ആ കുടുംബത്തെ സഹായിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഞങ്ങളുടെ ആവശ്യം, ധീരതയ്ക്കുള്ള സിവിലിയൻ അവാർഡിന് നൗഷാദിന്റെ പേര് ശിപാർശ ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇക്കാര്യം ആലോചിച്ച് തീരുമാനമെടുക്കാം ......(ബഹളം)........

മി. സ്പീക്കർ: വളരെ നല്ല ചോദ്യമാണ് എങ്കിലും മുഖ്യമന്ത്രിക്കല്ലേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. ചന്ദ്രൻ: സർ, 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള ആളുകളെയാണ് യുവജനങ്ങളായി കണക്കാക്കുന്നത്. കേരളീയ സമൂഹത്തിൽ ഏകദേശം 36 ശതമാനത്തോളം യുവജനങ്ങളുണ്ട്. ഈ പ്രായത്തിലുള്ളവർ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. അതിൽ നമ്മൾ ഇടപെടാത്തതുകൊണ്ടാണ് ഇവരെ വർഗ്ഗീയശക്തികളും ഭീകരവാദികളും സ്വാധീനിച്ച് സാമൂഹ്യവിരുദ്ധ മനോഭാവത്തിലേയ്ക്ക് മാറ്റിയെടുക്കുന്നത്. കേരളത്തിൽ ഈ വിഭാഗം വളരെക്കൂടുതലായി നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് വിവാഹ മോചനം. അതിനെ സംബന്ധിച്ച ബോധവത്ക്കരണം ഇവർക്ക് നൽകുന്നതിനുവേണ്ടിയുള്ള ശ്രമം യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്നുണ്ടോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, തീർച്ചയായും ഇത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതാണ്. അതോടൊപ്പം യുവജനകാര്യ കമ്മീഷൻ ഇതിനോടകം ഇതുപോലുള്ള ശില്പശാലകളും മറ്റുപരിപാടികളും നടത്തുന്നുണ്ട്. എങ്കിലും ഒന്നുകൂടി പരിശോധിച്ച് തീരുമാനമെടുക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

കഴിഞ്ഞ 10 വർഷമായി വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ അതിന്റെ ചെയർമാനും പിന്നീട് വൈസ് ചെയർമാനും ആയിരുന്നു. ഇപ്പോൾ ശ്രീ. പി. എസ്. പ്രശാന്താണ് അതിന്റെ ചെയർമാൻ. ബഹുമാനപ്പെട്ട മന്ത്രി അതിന് നല്ല പിന്തുണ കൊടുക്കുന്നുണ്ട്. ഈ ഗവൺമെന്റ് ഒരുപാട് വിവാദങ്ങൾ ചർച്ചചെയ്യപ്പെടുമ്പോൾ  ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി വരുന്നത് സംരംഭകത്വ പരിശീലനമാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി  ഇവിടെ പറഞ്ഞതുപോലെ സ്റ്റാർട്ട് അപ് വില്ലേജുകൾ, തൊഴിൽ വകുപ്പിൽ  നൈപുണ്യ,  വിദ്യാഭ്യാസ വകുപ്പിൽ അസാപ്, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ... അതുപോലെ യൂത്ത് വെൽഫെയർ ബോർഡിന്റെ നേതൃത്വത്തിൽ സംരംഭകത്വ പരിശീലനവുമായി ബന്ധപ്പെട്ട് എന്ത് പദ്ധതിയാണ് നടപ്പിലാക്കാൻ  ഉദ്ദേശിക്കുന്നത്/നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് സംരംഭകത്വ പരിശീലന പരിപാടി യുവജനക്ഷേമ ബോർഡ് കഴിഞ്ഞ രണ്ട് വർഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 1256-ഓളം യുവജനങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകിയിട്ടുണ്ട്. 800-ഓളം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള നേതൃത്വമായിട്ടുണ്ട്.

അതോടൊപ്പം സംരംഭവുമായി ബന്ധപ്പെട്ട് യൂത്ത് എംപ്ലോയ്മെന്റ് പ്രൊമോഷൻ മീറ്റ് തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം വളരെ ശ്ലാഘനീയമാണ്. പൈതൃകം എന്ന പേരിൽ യുവതികൾക്കായി ഒരു സംസ്ഥാന ക്യാമ്പ് നടത്തിയിരുന്നു. യുവജനക്ഷേമ ബോർഡ് പല കാരണങ്ങളാൽ അത് നീട്ടിക്കൊണ്ടുപോവുകയാണ്. ഇതിന് അറുതിവരുത്തി കോഴിക്കോട് ബാലുശ്ശേരിയിൽവച്ചുനടക്കുന്ന ആ ക്യാമ്പിന് മന്ത്രിയുടെ കാര്യമായ പിന്തുണയുണ്ടാകണം. ഇവിടെ പലരും പരാമർശിച്ച വിഷയങ്ങളാണ് അതിൽ കൈകാര്യം ചെയ്യുന്നത്. വലിയ ഒരു ക്യാമ്പായി അതിനെ മാറ്റണം. അതിന് സമയബന്ധിതമായി അങ്ങ് സമയം കണ്ടെത്തുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, തീർച്ചയായും ഈ മാസം അവസാനത്തോടുകൂടി ഇതിനുള്ള സമയം കണ്ടെത്തുന്നതാണ്. ഇക്കാര്യം അദ്ദേഹം പല പ്രാവശ്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽത്തന്നെ ഒരു വലിയ ക്യാമ്പെയിൻ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിന് എല്ലാവിധ സപ്പോർട്ടും യുവജനക്ഷേമ ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, നേരത്തെ എല്ലാ മെമ്പർമാരും പറഞ്ഞതുപോലെ വളരെ നല്ല രീതിയിലാണ് കഴിഞ്ഞ അഞ്ചുവർഷമായി യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. പ്രത്യേകിച്ച് അധികാര വികേന്ദ്രീകരണത്തിന്റെ എസൻസ് മനസ്സിലാക്കി പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലും ജില്ലാപഞ്ചായത്തുതലത്തിലും ഫണ്ട് അലോക്കേറ്റ് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്റെ ചോദ്യം, ഇന്നത്തെ യുവാക്കൾക്ക് സംരംഭകത്വവും ജോലിയുമുണ്ട്, എങ്കിലും പ്രധാനപ്പെട്ട ഒരു ഫോക്കസ് വേണ്ടത് റിസർച്ച് രംഗത്താണ്. ഇന്ത്യയിലെയും കേരളത്തിലെയും യുവാക്കൾക്ക് റിസർച്ച് രംഗത്ത് ഫോക്കസ് ചെയ്യാൻവേണ്ടി യുവജനക്ഷേമ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, യുവജനക്ഷേമ ബോർഡ് യുവജന പഠനഗവേഷണകേന്ദ്രം തന്നെ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി പൈലറ്റ് സ്റ്റഡിക്കുവേണ്ടി തിരുവനന്തപുരം ജില്ലയിലെ ആനാട് പഞ്ചായത്തും വയനാട് ജില്ലയിലെ ഇടവക പഞ്ചായത്തും തെരഞ്ഞെടുത്തിട്ടുണ്ട്. പഠനം നടത്തിയതിനുശേഷം ഒരു വിവരശേഖരണമുണ്ടാകും. അതിനുശേഷം ബാക്കി പദ്ധതികൾ രൂപീകരിക്കാനാണ് യുവജനക്ഷേമ ബോർഡ് ആലോചിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കഴിഞ്ഞ 5 വർഷമായി യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോവുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്ക് അവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുവേണ്ടിയും ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടിയും യുവജന നയത്തിൽ പറയുന്ന കാര്യങ്ങൾ കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്യാൻ യുവജനക്ഷേമ ബോർഡ് തയ്യാറായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെന്നുള്ള വേർതിരിവില്ലാതെ എല്ലാവർക്കും പ്രത്യേക പരിശീലനം കൊടുക്കുന്നുണ്ട്. സി-ഡിറ്റിന്റെ സഹായത്തോടുകൂടി കമ്പ്യൂട്ടർ പരിശീലനവും തൊഴിൽ പരിശീലനവും നൽകുന്നുണ്ട്. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ദേവികുളത്ത് യുവജനക്ഷേമ ബോർഡിന്റെ ഒരു സെന്ററുണ്ട്. ഫലപ്രദമായി അത് ബോർഡിംഗ് പോലെയാണ് ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യം പല ഘട്ടങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതിനനുസൃതമായിട്ടുള്ള ഒരു മാറ്റം അവിടെയുണ്ടായിട്ടില്ല. യുവജനങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നടത്തുന്നതിന് ഇപ്പോൾ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, യുവജനക്ഷേമ ബോർഡ് വിവിധ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിച്ച് തീർച്ചയായും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, വിവിധ മേഖലകളിൽ പ്രാമുഖ്യം നേടിയ യുവജനങ്ങൾക്ക് ഇപ്പോൾ പുരസ്കാരങ്ങൾ നൽകുന്നുണ്ട്. ഏതെല്ലാം മേഖലകളിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് പുരസ്കാരങ്ങൾ നൽകുന്നത്; എന്ത് മാനദണ്ഡത്തിലാണ് അവാർഡുകൾ കൊടുക്കുന്നത്. അതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, സമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിൽ മികച്ച വ്യക്തികളെയും സംഘടനകളേയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയിട്ടാണ് സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം നൽകുന്നത്. കൃഷി, കല, സാഹിത്യം, സാമൂഹ്യം, സംരംഭകത്വം, കായികം, മാധ്യമം എന്നീ ഏഴ് മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യുവജനങ്ങൾക്കുവേണ്ടിയാണ് ഈ പുരസ്കാരം നൽകുന്നത്.

ശ്രീ. വി. റ്റി. ബൽറാം: സർ, നമ്മുടെ ചെറുപ്പക്കാരിൽ വലിയൊരു ശതമാനവും

1990-കളിൽ ജനിച്ചവരാണ്. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രാഷ്ട്രീയമായോ മറ്റേതെങ്കിലും തരത്തിലോ യാതൊരുവിധ പരിചയവുമില്ലാതെ കടന്നുവരുന്നവരാണ് ഇവരിൽ ബഹുഭൂരിപക്ഷംപേരും. ഇവർക്ക് ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചും യാതൊരു തരത്തിലുള്ള പ്രാഥമിക ധാരണപോലും ഇല്ലയെന്നുള്ളത് ദൗർഭാഗ്യകരമായിട്ടുള്ളൊരു വസ്തുതയാണ്. ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്ക്കറിന്റെ 125-ാം ജന്മവാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ നാമധേയത്തിൽ ഇന്ത്യയുടെ ഭരണഘടനയെയും അതിന്റെ മൂല്യങ്ങളെയും പരിചയപ്പെടുത്തുന്നതിന് വേണ്ടിയിട്ടുള്ള വിപുലമായ ഒരു പരിശീലന ക്യാമ്പെയിൻ യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് തയ്യാറാക്കുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, ഇത് നല്ലൊരു ആശയമാണ്. തീർച്ചയായും അത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, യുവജനക്ഷേമ ബോർഡിന്റെ മുൻ ചെയർമാൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ വളരെ ആക്ടീവായിത്തന്നെ യുവജനക്ഷേമ ബോർഡിന്റെ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ

ആഴ്ചയിലും തിരുവനന്തപുരത്തുവച്ച് ഒരു പ്രോഗ്രാമിൽ ഞാൻ പങ്കെടുത്തിരുന്നു. അദ്ദേഹം വൈസ് ചെയർമാൻ ആയിരുന്ന സമയത്തും നിരവധി പരിപാടികളിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. സ്പോർട്സിന് കുറച്ചുകൂടി മുൻഗണന കൊടുക്കുന്നതിനും; ലഹരിക്കെതിരെ യുവാക്കളെ അണിനിരത്തുന്നതിനും യുവാക്കളെ മറ്റേതെങ്കിലും തരത്തിൽ പോസിറ്റീവായി എൻഗേജ്ഡാക്കുക എന്നുള്ളതും വളരെയധികം പ്രാധാന്യമുള്ളതാണ്. അതുകൊണ്ട് സ്പോർട്സിന് കുറച്ചുകൂടി പ്രാധാന്യം കൊടുക്കണം. ഇന്ത്യൻ സൂപ്പർലീഗിന്റെ ജൂനിയർ ഡിവിഷനിൽ കളിക്കാൻ കേരളത്തിൽ നിന്ന് ഒരേയൊരു ടീമിനെ (കോളോവെപ്ലിയുടെ നേതൃത്വത്തിലുള്ള)യാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആ ടീമിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനായി ബോർഡ് പരിഗണിക്കുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, സാമ്പത്തിക സഹായം കൊടുക്കുന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. സ്പോർട്സിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടാണ് കേരളോത്സവം പോലുള്ള പരിപാടികൾ നടത്തുന്നത്.

<u>ശ്രീ. ബി. സത്യൻ</u>: സർ, പോളിടെക്നിക്കുകളോട് ചേർന്ന് പുതിയ ഒരു കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കോളേജുകൾ എന്നാണ് അതിന് പേര്

നൽകിയിരിക്കുന്നത്. അതുപോലെ ഐ.ടി.ഐ./പോളിടെക്നിക്കുകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേകമായി പരിശീലനപരിപാടി നടത്താൻ കഴിയുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഡിപ്പാർട്ടുമെന്റ് ഇതുപോലുള്ള പരിപാടികൾ നടത്തുന്നുണ്ടെങ്കിലും തീർച്ചയായും ഇക്കാര്യം പരിശോധിക്കാം.

മി.സ്പീക്കർ: ഓർഡർ........ ഓർഡർ..... ചോദ്യോത്തര സമയം കഴിഞ്ഞു.